2789
19/9/18

കേരള സർക്കാർ

<u>സംഗ്രഹം</u>

പാലക്കാട് ഡിവിഷൻ- വാളയാർ റെയിഞ്ച് - കൊട്ടേക്കാട് സെക്ഷനിലെ മാന്തുരുത്തി ഭാഗത്ത് നടന്ന അനധികൃത നിക്ഷിപ്ത വനഭൂമി കയ്യേറ്റവും നിർമ്മാണ പ്രവർത്തനങ്ങളും - ശ്രീ.കെ.എം.ശ്രീകുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെതിരെയുള്ള അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.383/2018/വനം തീയതി, തിരുവനന്തപുരം, 14/08/2018

---

പരാമർശം:- (1) 21.02.2012-ലെ 9525/എ1/2011/വനം നമ്പർ കുറ്റപത്രവും/ കുറ്റാരോപണ പത്രികയും

(2) 16.07.2014ലെ സ.ഉ.(സാധാ.) നം.327/14/വനം

(3) 20.10.2014-ലെ സ.ഉ. (സാധാ.) നം. 485/14/വനം

(4) 25.06.2018-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി5-15971/06 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പാലക്കാട് ഡിവിഷനിലെ വാളയാർ റെയിഞ്ചിൽപ്പെട്ട മാന്തുരുത്തി എന്ന സ്ഥലത്ത് വനഭൂമി കൈയ്യേറി സിമന്റ് ഫാക്ടറിയുടെ നിർമ്മാണം പുരോഗമിക്കുന്നു എന്ന് മലമ്പുഴ ഡാം പ്രൊട്ടക്ഷൻ കൗൺസിൽ സെക്രട്ടറി, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, തിരുവനന്തപുരത്തിന് നൽകിയ പരാതിയിന്മേൽ പാലക്കാട് ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നടത്തിയ അന്വേഷണത്തിൽ വാളയാർ റെയിഞ്ചിലെ കൊട്ടേയ്ക്കാട് സെക്ഷനിലെ മാന്തുരുത്തി മലവാരത്തിൽ വനഭൂമി കയ്യേറി സിമന്റ് ഫാക്ടറിയ്ക്ക് വേണ്ട കെട്ടിട നിർമ്മാണവും മറ്റ് ജോലികളും 2001 ഡിസംബർ മുതൽ 2005 ഫെബ്രുവരി മാസം വരെ നടന്നിരുന്നിട്ടും പ്രസ്തുത സ്ഥലം നിക്ഷിപ്ത വനമാണെന്ന് ബോദ്ധ്യമായിരുന്നിട്ടും ആയത് യഥാസമയം കണ്ടെത്തി തടയുന്നതിലും 01.06.2005-ൽ ഫ്ലൈയിംഗ് സ്ക്വാഡ് മഹസ്സർ തയ്യാറാക്കുന്നതുവരെ കേസെടുക്കാനോ കയ്യേറ്റം ഒഴിപ്പിയ്ക്കാനോ ബന്ധപ്പെട്ട ഉദ്യാഗസ്ഥർ നടപടികൾ സ്വീകരിച്ചില്ലാ എന്നു കണ്ടെത്തുകയും ആയതിന് ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീ.കെ.എം.ശ്രീകുമാർ, 10.02.2005 മുതൽ 14.04.2005 വരെ ചാർജ്ജുണ്ടായിരുന്ന റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.കെ.സി.പ്രസാദ് എന്നിവരും ഉത്തരവാദികളാണെന്ന് റിപ്പോർട്ട് ചെയ്യുകയുണ്ടായി.

2) തുടർന്ന് സർവ്വശ്രീ.കെ.സി.പ്രസാദ്, കെ.എം.ശ്രീകുമാർ, എന്നിവർക്ക് സർക്കാർ തലത്തിൽ പരാമർശം (1) പ്രകാരം കഠിനശിക്ഷയുള്ള കുറ്റപത്രവും/കുറ്റാരോപണ പത്രികയും നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

3) ശ്രീ.കെ.സി.പ്രസാദ്, സമർപ്പിച്ച പ്രതിവാദ പത്രിക തൃപ്തികരമായതിനാൽ ടിയാനെ കുറ്റവിമുക്തനാക്കി പരാമർശം (2) പ്രകാരം ഉത്തരവായി. ശ്രീ.കെ.എം.ശ്രീകുമാർ, പ്രതിവാദ പത്രിക സമർപ്പിക്കാത്തതിനാലും ഈ വിഷയത്തിൽ കൂടുതൽ തെളിവുകൾ ശേഖരിക്കുന്നതിനും ടിയാന് നിരപരാധിത്വം തെളിയിക്കുവാൻ ഒരു അവസരം കൂടി നൽകുന്നതിന്റെ ഭാഗമായി പരാമർശം ( 3 ) പ്രകാരം ഔപചാരികാന്വേഷണത്തിന് ഉത്തരവായി.

4) ഔപചാരികാന്വേഷണ റിപ്പോർട്ട് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർ ശം ( 4 ) പ്രകാരം ലഭ്യമാക്കി. ശ്രീ.കെ.എം.ശ്രീകുമാറിനെതിരെയുള്ള ചാർജ്ജുകളും അന്വേഷണത്തിലെ കണ്ടെത്തലുകളും ചുവടെ ചേർക്കുന്നു:

ചാർജ്ജ്:- (i) ടിയാന്റെ സംരക്ഷണ ചുമതലയിൽ ഉണ്ടായിരുന്ന കൊട്ടേക്കാട് സെക്ഷനിലെ വി.എഫ്.സി. ഐറ്റം നമ്പർ 31/16-ൽപ്പെട്ട മാങ്ങുരുത്തി മലവാരത്തിൽ വനം കയ്യേറി അടിക്കാടുകളും മരങ്ങളും വെട്ടി മാറ്റി സിമന്റ് ഫാക്ടറിയ്ക്ക് വേണ്ട കെട്ടിട നിർമ്മാണവും മറ്റ് ജോലികളും നടന്നുവെന്നത് യഥാസമയം കണ്ടെത്തി തടയുന്നതിൽ ടിയാൻ പരാജയപ്പെട്ടു.

പ്രസ്തുത കയ്യേറ്റത്തെക്കുറിച്ച് അന്നത്തെ കൊട്ടേക്കാട് സെക്ഷൻ ഫോറസ്റ്റ് ഓഫീസറായ ശ്രീ.കെ.എം.പുരുഷോത്തമൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ.കെ.എം.ശ്രീകുമാറിന് സ്കെച്ച് സഹിതം 02.02.2005-ന് റിപ്പോർട്ട് ചെയ്യുകയുണ്ടായി. ടി റിപ്പോർട്ട് ലഭിച്ചിട്ടും 09.12.2002 മുതൽ 18.02.2005 വരെ വാളയാർ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയിരുന്ന ശ്രീ.ശ്രീകുമാർ ഫോറസ്റ്ററോട് കേസെടുക്കാൻ നിർദ്ദേശം നൽകുന്നതിന് പകരം പ്രസ്തുത വിവരം മേലുദ്യോഗസ്ഥന് റിപ്പോർട്ട് ചെയ്യുകയാണുണ്ടായത്. റിപ്പോർട്ട് ലഭിച്ചിട്ടും ടിയാൻ സ്ഥലം പരിശോധിക്കുകയോ മറ്റ് നടപടികൾ എടുക്കുകയോ ചെയ്തിട്ടില്ലെന്ന് ഫ്ളൈയിംഗ് സ്ക്വാഡ് റിപ്പോർട്ട് ചെയ്യുകയും അന്വേഷണത്തിൽ അന്നത്തെ ഫ്ളൈയിംഗ് സ്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ആയിരുന്ന ശ്രീ.ഉമ്മർ അത് ശരിയാണെന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്.

ചാർജ്ജ്:- (ii) സിമന്റ് ഫാക്ടറി സ്ഥിതി ചെയ്യുന്ന സ്ഥലം നിക്ഷിപ്ത വനത്തിനകത്താണെന്ന് ബോധ്യമായിട്ടും 01.06.2005-ൽ ഫ്ളൈയിംഗ് സ്വാഡ് മഹസർ തയ്യാറാക്കുന്നത് വരെ കേസെടുക്കാനോ കയ്യേറ്റം ഒഴിപ്പിയ്ക്കാനോ ഉള്ള നടപടികൾ സ്വീകരിച്ചില്ല. കേസെടുത്ത് പ്രതികളെ അറസ്റ്റ് ചെയ്യാതിരുന്നത് മൂലം റെയിഞ്ചാഫീസറുടെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ ടിയാൻ പരാജയപ്പെട്ടു.

ശ്രീ.പുരുഷോത്തമൻ പ്രസ്തുത കയ്യേറ്റത്തെക്കുറിച്ച് 02.02.2005-ൽ റിപ്പോർട്ട് ചെയ്തു. കൂടാതെ ഫാക്ടറി ഉടമ ടി സ്ഥലത്ത് ഇലക്ട്രിസിറ്റി കണക്ഷൻ ലഭിക്കുന്നതിന് ഗോപ്യമായ ശ്രമം നടത്തുന്നുണ്ടെന്ന് രഹസ്യ വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് സംബന്ധിച്ചും മേലധികാരിക്ക് വിവരം കൊടുത്തിട്ടുണ്ട്. 18.02.2005 മുതൽ 19.04.2005 വരെ ശ്രീ.കെ.സി.പ്രസാദ് ആണ് വാളയാർ റെയിഞ്ചിന്റെ അഡീഷണൽ ചാർജ്ജ് വഹിച്ചിരുന്നത്. 19.04.2005-ൽ വാളയാർ റെയിഞ്ചിന്റെ ചാർജ്ജ് ഏറ്റെടുത്ത ശ്രീ.ഉദയകുമാർ പ്രസ്തുത കയ്യേറ്റത്തെക്കുറിച്ച് വിവരം ലഭിച്ചതിൽ 28.04.2005-ൽ സ്ഥലം സന്ദർശിക്കുകയും 01.05.2005-ൽ സ്ഥിരം ജണ്ടകൾ നിർമ്മിച്ച് നിക്ഷിപ്ത വനത്തിന്റെ ബൗണ്ടറി ഡീമാർക്കേറ്റ് ചെയ്യുകയും ചെയ്തു. 01.06.2005-ലാണ് ഫ്ളൈയിംഗ് സ്ക്വാഡ് കെട്ടിടങ്ങളും യന്ത്ര സാമഗ്രികളും കസ്റ്റഡിയിൽ എടുത്ത് മഹസ്സർ തയ്യാറാക്കി കേസ്സിന്റെ തുടർ നടപടികൾക്കായി മഹസ്സറും തൊണ്ടി സാധനങ്ങളും വാളയാർ റെയിഞ്ച് ഓഫീസറെ ഏൽപ്പിക്കുന്നത്.

ചാർജ്ജ്:- (iii) ടിയാന്റെ മേൽ പ്രവർത്തികൾ മനഃപൂർവ്വം ചെയ്ത കൃത്യവിലോപവും സർക്കാർ ജോലിയോടുള്ള അലംഭാവവും ഗുരുതരമായ അച്ചടക്ക ലംഘനവും അനാസ്ഥയുമാണ്.

ശ്രീ.പുരുഷോത്തമന്റെ റിപ്പോർട്ട് ലഭിച്ചിട്ടും കയ്യേറ്റം തടയാൻ സ്ഥലം പരിശോധിക്കുകയോ മറ്റ് നടപടികൾ എടുക്കുകയോ ചെയ്യാതെ സർക്കാർ ഉദ്യോഗസ്ഥൻ പാലിക്കേണ്ട കൃത്യത കാണിക്കുന്നതിൽ മനപൂർവ്വമോ, ബോധപൂർവ്വമോ അല്ലാത്ത വീഴ്ച ശ്രീ.ശ്രീകുമാറിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്.

5) കൈയ്യേറ്റങ്ങൾ സംബന്ധിച്ച് കീഴുദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തപ്പോൾ വാളയാർ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയിരുന്ന ശ്രീ.കെ.എം.ശ്രീകുമാർ വനം കൈയ്യേറ്റത്തിന് കേസ്സെടുത്ത് മഹസ്സർ തയ്യാറാക്കാതെ പ്രസ്തുത വിവരം മേലുദ്യോഗസ്ഥന് റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ ടിയാന്റെ ഭാഗത്ത് ബോധപൂർവ്വമായ വീഴ്ച സംഭവിച്ചിട്ടില്ലായെന്ന് അന്വേഷണാധികാരി റിപ്പോർട്ട് ചെയ്തു.

6) സിമന്റ് ഫാക്ടറി സ്ഥിതിചെയ്യുന്ന സ്ഥലം നിക്ഷിപ്തവനമാണെന്ന് കണ്ടെത്തിയത് 2005 ഫെബ്രുവരി മാസത്തിൽ വനാതിർത്തി പുനർ നിർണ്ണയം ചെയ്തപ്പോളാണെന്നും അതിനാൽ 09.01.2002 മുതൽ 18.02.2005 വരെ വാളയാർ റെയിഞ്ചാഫീസർ ആയി ജോലിനോക്കിയിരുന്ന ശ്രീ.കെ.എം.ശ്രീകുമാർ ടി കൈയ്യേറ്റം യഥാസമയം കണ്ടെത്തിയില്ലായെന്നുള്ള ആരോപണം നിലനിൽക്കുന്നതല്ലായെന്നും 02.02.2005-ൽ കൈയ്യേറ്റം കണ്ടെത്തിയിട്ട് നടപടി സ്വീകരിക്കുന്നതിലാണ് ടിയാന്റെ ഭാഗത്തു നിന്നുള്ള മനപൂർവ്വമല്ലാത്ത വീഴ്ച സംഭവിച്ചിട്ടുള്ളതെന്നതിനാലും സർക്കാർ നഷ്ടമൊന്നും ഉണ്ടായിട്ടില്ലാത്തതിനാലും അന്വേഷണാധികാരിയുടെ കണ്ടെത്തലുകളോട് യോജിക്കുന്നതായി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർശം (4) പ്രകാരം അഭിപ്രായപ്പെട്ടു.

7) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സിമന്റ് ഫാക്ടറി സ്ഥിതിചെയ്യുന്ന സ്ഥലം നിക്ഷിപ്ത വനമാണെന്ന് 2005 ഫെബ്രുവരി മാസത്തിൽ മാത്രമാണ് കണ്ടെത്തിയത്. ശ്രീ.കെ.എം.ശ്രീകുമാർ 02.02.2005-ൽ കൈയ്യേറ്റം കണ്ടെത്തിയിട്ട് നടപടി സ്വീകരിക്കുന്നതിൽ മനഃപൂർവ്വമായ വീഴ്ച വരുത്തിട്ടില്ലായെന്ന് കാണുന്നു. എന്നിരുന്നാലും കയ്യേറ്റം തടയാൻ മനഃപൂർവ്വമോ ബോധപൂർവ്വമോ അല്ലാത്ത വീഴ്ച ടിയാന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടുണ്ട്. അതിനാൽ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 11 (i) പ്രകാരം ശ്രീ.കെ.എം.ശ്രീകുമാറിന് "സെൻഷർ" നൽകിക്കൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എസ്.പ്രവീണ്

ജോയിന്റ് സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.കെ.എം.ശ്രീകുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ